സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 36 | 2025 ഏപ്രിൽ 16 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com


### ഇനി ടോൾ പ്ലാസകളിൽ വാഹനങ്ങൾ നിർത്തേണ്ടതില്ല

ന്യൂഡൽഹി: വാഹനങ്ങൾ ഇനി ടോൾ പ്ലാസയിൽ നിർത്തേണ്ടതില്ല. മേയ് ഒന്ന് മുതൽ ഉപഗ്രഹ അധിഷ്ഠിത ടോൾ സംവിധാനം ആരംഭിക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. സുഗമമായ യാത്രയ്ക്കും ഹൈവേകളിലെ തിരക്ക് കുറയ്ക്കുന്നതിനുമായാണ് പുതിയ സംവിധാനം ഒരുക്കിയിരിക്കുന്നത്. ദേശീയ മാദ്ധ്യമങ്ങളാണ് വാർത്ത പുറത്തുവിട്ടിരിക്കുന്നത്.രാജ്യത്തെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനുമുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ നയമെന്ന് നിതിൻ ഗഡ്കരി പറഞ്ഞു. പുതിയ സംവിധാനത്തിലൂടെ വാഹനങ്ങൾ ഉപഗ്രഹങ്ങൾ വഴി ട്രാക്ക് ചെയ്യപ്പെടും. വാഹനങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് നേരിട്ട് ടോൾ കുറയ്ക്കപ്പെടുമെന്നും അദ്ദേഹം അറിയിച്ചു. ഇന്ധനം ലാഭിക്കുക എന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ടെന്ന് നിതിൻ ഗഡ്കരി വ്യക്തമാക്കി.

# മാസപ്പടി കേസിൽ തുടർ നടപടി ഉടനില്ല

## വീണാ വിജയനടക്കം ആശ്വാസം; രണ്ട് മാസത്തേക്ക് നടപടികൾ തടഞ്ഞ് ഹൈക്കോടതി



കൊച്ചി: മാസപ്പടി കേസിൽ തൽസ്ഥിതി തുടരാൻ കോടതി നിർദ്ദേശം. സിഎംആർഎല്ലിന്റെ ഹർജി ഫയലിൽ സ്വീകരിച്ച ഹൈക്കോടതി രണ്ട് മാസത്തേക്കാണ് തൽസ്ഥിതി തുടരാൻ ഉത്തരവിട്ടിരിക്കുന്നത്. എസ്എഫ്ഐഒ കുറ്റപത്രത്തിൽ സമൻസ് അയക്കുന്നതാണ് രണ്ട് മാസത്തേക്ക് തടഞ്ഞത്. ഇതോടെ കേസിലെ പ്രതികളായ മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻ അടക്കമുള്ളവർക്ക് താൽക്കാലിക ആശ്വാസമായി.

കേന്ദ്ര സർക്കാർ വിശദമായ വാദം കേൾക്കാൻ സമയം തേടി. ഇതോടെയാണ് കോടതി രണ്ട് മാസത്തേക്ക് നടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവിട്ടത്. കേസ് ഹൈക്കോടതി പുതിയ ഡിവിഷൻ ബെഞ്ചിലേക്കയക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം മാസപ്പടി കേസിൽ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്.എഫ്.ഐ.ഒ) സമർപ്പിച്ച കുറ്റപത്രം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) കൈമാറുമെന്ന വിവരം പുറത്തുവന്നിരുന്നു. എറണാകുളം അഡീഷണൽ സെഷൻസ് കോടതിയാണ് ഇത്തരത്തിൽ നിർദേശം നൽകിയത്. കുറ്റപത്രം ആവശ്യപ്പെട്ട് ഇഡി അപേക്ഷ നൽകിയിരുന്നു. ഇത് കോടതി അംഗീകരിക്കുകയായിരുന്നു.

കേസിലെ രേഖകൾ തേടി എസ്എഫ്ഐഒയ്ക്ക് കത്തയച്ചതായി മുതിർന്ന ഇഡി ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയിരുന്നു. എസ്എഫ്ഐഒ കുറ്റപത്രത്തിൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നതാണ്. അതിനാൽ രേഖകൾ പരിശോധിച്ചശേഷം കേസ് രജിസ്റ്റർ ചെയ്യുമെന്നും മുതിർന്ന ഇഡി ഉദ്യോഗസ്ഥൻ കഴിഞ്ഞദിവസം ഒരു ദേശീയ മാദ്ധ്യമത്തോട് പറഞ്ഞിരുന്നു.

സിഎംആർഎല്ലിനോടും കേന്ദ്ര സർക്കാരിനോടും സത്യവാങ്മൂലം സമർപ്പിക്കാനും കോടതി ഇടക്കാല ഉത്തരവിട്ടിട്ടുണ്ട്.

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഏഴിൽ എസ്എഫ്ഐഒ സമർപ്പിച്ച പരാതി സ്വീകരിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി പ്രതികൾക്ക് നോട്ടീസ് അയയ്ക്കാനിരിക്കെയാണ് ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായിരിക്കുന്നത്.

ഒന്നാം പ്രതി ശശിധരൻ കർത്ത മുതൽ 11-ാം പ്രതി വീണ വിജയൻ വരെയുള്ള എതിർ കക്ഷികൾക്ക് നോട്ടീസ് അയയ്ക്കാനിരുന്നത്.

## തൃശൂർ, പാലക്കാട് കളക്ടറേറ്റുകളിലേക്ക് വ്യാജ ബോംബ് ഭീഷണി

തൃശൂർ: തൃശൂർ, പാലക്കാട് കളക്ടറേറ്റുകളിലേക്ക് വ്യാജ ബോംബ് ഭീഷണി. ആർ ഡി ഒ ഓഫീസുകളിലേക്ക് ഇമെയിൽ ആയാണ് വ്യാജ ഭീഷണി സന്ദേശം ലഭിച്ചത്. ഉയർന്ന പോലീസ് സംഘം അന്വേഷണം തുടങ്ങി. അനിഷ്ട സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

റാണാ തഹവ്വൂർ എന്ന വിലാസത്തിൽ നിന്ന് വന്ന മെയിലിൽ തമിഴ്നാട്ടിലെ എ ഐ എ ഡി എം കെ നേതാവ് എടപ്പാടി പളനി സ്വാമിയെ വധിക്കാൻ വേണ്ടി ബോംബ് സ്ഫോടനം നടക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിലെ ഓഫീസുകളിൽ സന്ദേശം ലഭിച്ചതിന്റെ കാരണം വ്യക്തമല്ല. അയ്യന്തോളിലെ ആർ ഡി ഒ ബോംബിട്ട് തകർക്കുമെന്നാണ് ആദ്യം ഭീഷണിയെത്തിയത്. പുലർച്ച നാലരയോടെയായിരുന്നു ബോംബ് ഭീഷണി. പിന്നാലെ പാലക്കാട് ആർഡിഒ ഓഫീസിലും ഭീഷണി ലഭിച്ചു.

## ഹിന്ദി ഹിന്ദുക്കളുടേതും ഉർദു മുസ്ലീങ്ങളുടേതുമെന്ന വിഭജനം കൊളോണിയൽ ശക്തികളുടേത്: സുപ്രീംകോടതി



ന്യൂഡൽഹി: ഉറുദു ഭാഷ ജനിച്ചത് ഇന്ത്യയിൽ ആണെന്നും, അതിനെ ഏതെങ്കിലുമൊരു മതവുമായി ബന്ധപ്പെടുത്തുന്നത് തെറ്റാണെന്നും സുപ്രീംകോടതി. മഹാരാഷ്ട്രയിലെ മുനിസിപ്പൽ കൗൺസിൽ കെട്ടിടത്തിലെ സൈൻ ബോർഡിൽ ഉറുദു ഭാഷ ഉപയോഗിക്കുന്നതിനെതിരായ ഹർജി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി വിധി. ഭാഷ സംസ്കാരം ആണെന്നും അത് ജനങ്ങളെ വിഭജിക്കാനായി ഉപയോഗിക്കുന്നത് തെറ്റാണെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

മഹാരാഷ്ട്രയിലെ പാടൂർ മുനിസിപ്പൽ കെട്ടിടത്തിലെ ഉറുദു ബോർഡുകൾക്ക് എതിരായ ഹർജി തള്ളിക്കൊണ്ടാണ് സുപ്രീം കോടതിയുടെ സുപ്രധാനമായ വിധി പ്രസ്താവം. പാടൂർ മുനിസിപ്പാലിറ്റിയുടെ മുൻ കൗൺസിലർ വർഷാതായ് സഞ്ജയ് ബഗാഡെയാണ് ഉറുദു ബോർഡുകൾക്കെതിരെ സുപ്രീംകോടതിയെ സമീപിച്ചത്. ബോർഡുകൾ മറാഠി ഭാഷയിൽ മാത്രമേ പാടുള്ളു എന്നായിരുന്നു വർഷാതായ് സഞ്ജയ് ബഗാഡെയുടെ വാദം.

എന്നാൽ ഭരണഘടനയിൽ മറാഠിക്കും, ഉറുദുവിനും ഒരേ സ്ഥാനമാണ് ഉള്ളതെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. അതിനാൽ ഉറുദു ഉപയോഗിക്കാൻ പാടില്ലെന്ന ഉത്തരവ് പുറപ്പെടുവിക്കാൻ ആകില്ലെന്ന് കോടതി വ്യക്തമാക്കി.

കൊളോണിയൽ ശക്തികൾ മതഭിന്നത ഉണ്ടാക്കാൻ ഉറുദുവിനേയും, ഹിന്ദിയേയും മതത്തിന്റെ പേരിൽ വിഭജിക്കാൻ ശ്രമിച്ചുവെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഹിന്ദിയെ ഹിന്ദുക്കളുടെ ഭാഷയെന്നും, ഉറുദു മുസ്ലിങ്ങളുടെ ഭാഷയെന്നും പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ഇത് യാഥാർത്ഥ്യം അല്ലെന്ന് ജസ്റ്റിസ് മാരായ സുധാൻഷു ധുലിയ, കെ വിനോദ് ചന്ദ്രൻ എന്നിവർ അടങ്ങിയ സുപ്രീംകോടതി ബെഞ്ച് ചൂണ്ടിക്കാട്ടി. പേർഷ്യൻ ഭാഷയുമായി സാമ്യമുള്ള ഉറുദു വിദേശ ഭാഷ ആണെന്ന തെറ്റായ കാഴ്ചപ്പാട് ഉണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. എന്നാൽ ഇത് തെറ്റാണ്. ഹിന്ദിയും, മറാഠിയും പോലെ ഇൻഡോ ആര്യൻ ഭാഷയാണ് ഉറുദു എന്നും അത് ഇന്ത്യയിൽ ജനിച്ച ഭാഷ ആണെന്നും കോടതി വ്യക്തമാക്കി.

## 'എന്റെ ഉള്ളിൽ പ്രകാശം പരന്നു, തിരിച്ചറിവ് വന്നു, എസ്സിയേക്കാൾ പവർ സിഎസിനാണ്'



തിരു: സസ്പെൻഷൻ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് നേരിട്ട് ഹിയറിംഗിന് ഹാജരാകാനിരിക്കേ, വീണ്ടും ഫേസ്ബുക്ക് പോസ്റ്റുമായി മുൻ കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ പ്രശാന്ത്. അച്ചടക്ക നടപടിയിൽ തന്റെ ഭാഗം ഒരു തവണയെങ്കിലും കേൾക്കാൻ തയ്യാറാകണമെന്ന് അപേക്ഷിച്ചിട്ട് ആറ് മാസമായെന്നും ഇപ്പോഴെങ്കിലും അത് കേൾക്കാൻ സന്മനസുണ്ടായത് വലിയ കാര്യമാണെന്നും അദ്ദേഹം പരോക്ഷമായി വിമർശിച്ചു.

ഇതേ വിഷയം സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കൊണ്ട് പോയാൽ അവിടെ നടപടികൾ സുതാര്യമായി കാണാം. ഓപ്പൺ കോർട്ട് ആണെന്നും കുറിപ്പിൽ പറയുന്നു. ഇപ്പോൾ തന്റെ ഉള്ളിൽ പ്രകാശം പരന്നെന്നും തിരിച്ചറിവ് വന്നെന്നും പറയുന്ന അദ്ദേഹം എസ് സിയേക്കാൾ (സുപ്രീം കോടതി) പവർ സിഎസിനാണെന്നും (ചീഫ് സെക്രട്ടറി) കുറിച്ചു. ചീഫ് സെക്രട്ടറിയുടെ പേരെടുത്തുപറയാതെയാണ് വിമർശനം.

ഇന്നലെയും ചീഫ് സെക്രട്ടറിയെ വിമർശിച്ചുകൊണ്ട് പ്രശാന്ത് രംഗത്തെത്തിയിരുന്നു. ഹിയറിംഗിന്റെ ലൈവ് സ്ട്രീമിംഗും വീഡിയോ റെക്കോർഡിംഗും ചീഫ് സെക്രട്ടറി ആദ്യം സമ്മതിച്ചിരുന്നുവെന്നും പിന്നീട് പിൻമാറുകയായിരുന്നുവെന്നും ആദ്ദേഹം ആരോപിച്ചിരുന്നു.

## മുസ്ലിംകളല്ലാത്തവർ വഖഫ് ചെയ്യുന്നത് വിലക്കുന്നുവെന്ന്

ന്യൂഡൽഹി: വഖഫ് ഭേദഗതി നിയമത്തിനെതിരെ സിഖ് നേതാവ് സുപ്രീംകോടതിയെ സമീപിച്ചു. മുസ്ലിംകളല്ലാത്തവർ വഖഫുകളായി സ്വത്തുക്കൾ സമർപ്പിക്കുന്നത് വിലക്കുന്നുവെന്ന് വാദിച്ചാണ് ഗുഡ്ഗാവിലെ ഗുരുദ്വാര സിങ് സഭയുടെ പ്രസിഡന്റ് ദയാ സിങ് സുപ്രീംകോടതിയിൽ റിട്ട് ഹരജി ഫയൽ ചെയ്തത്. അഡ്വക്കറ്റ് ഓൺ റെക്കോർഡ് ശ്വേതങ്ക് സൈലക്വാൾ വഴിയാണ് ഹരജി സമർപ്പിച്ചത്.

'മതത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള യുക്തിരഹിതമായ വർഗ്ഗീകരണം നിയമം അവതരിപ്പിക്കുന്നു'. 'വഖഫിന് ധനസഹായം നൽകുന്നതിൽ നിന്ന് മുസ്ലിംകളല്ലാത്തവരെ ഒഴിവാക്കുന്നതിലൂടെ, സ്വത്തിന്മേലുള്ള അവരുടെ സ്വയംഭരണം, സ്വാതന്ത്ര്യം, മതപരമായ ആവിഷ്കാരം എന്നിവയെ നിയമം പരിമിതപ്പെടുത്തുന്നുവെന്നും ഹരജിക്കാൻ ഹരജിയിൽ ബോധിപ്പിച്ചു. മതപരമായ ധനസഹായങ്ങൾ നിയന്ത്രിക്കുന്നതിന്റെ മറവിൽ, വ്യക്തികൾ സ്വമേധയാ ചെയ്യുന്ന ദാനധർമ്മം നിരോധിക്കാനോ നിയന്ത്രിക്കാനോ കഴിയില്ലെന്നും ഹരജിക്കാരൻ വാദിച്ചു. ഭേദഗതി നിയമം ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മതേതര ധാർമ്മികതക്ക് വിരുദ്ധവുമാണെന്നും അദ്ദേഹം വാദിച്ചു.

'ഹിന്ദു, സിഖ് മത ട്രസ്റ്റുകൾക്ക് സ്വയംഭരണാധികാരമുള്ള നിയമപരമായ പദവി ഉണ്ടെങ്കിലും, വഖഫ് നിയമത്തിലെ ഭേദഗതികൾ വഖഫ് കാര്യങ്ങളുടെ സർക്കാരിന്റെ മേൽനോട്ടം വർദ്ധിപ്പിക്കുന്നതാണ്. ഈ വ്യത്യസ്ത പരിഗണന ഭരണഘടനാ വിരുദ്ധവും ആർട്ടിക്കിൾ 14ന്റെ ലംഘനവുമാണെന്നും ഹരജിക്കാരൻ വാദിച്ചു.

ഏപ്രിൽ ആദ്യവാരം പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി നിയമം ചോദ്യം ചെയ്തുള്ള ഹരജികൾ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് സഞ്ജയ് കുമാർ, ജസ്റ്റിസ് കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് ബുധനാഴ്ച ഉച്ചക്ക് രണ്ടു മണിക്ക് പരിഗണിക്കും.

## കോർട്ട് ഫീ വർദ്ധനവിനെതിരെ കെ എ സി എയുടെ കളക്ടറേറ്റ് ധർണ്ണ




തൃശൂർ: അന്യായമായ കോർട്ട് ഫീ വർദ്ധനവിനെതിരെ കേരള അഡ്വക്കെറ്റ്സ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ടറേറ്റിന് മുമ്പിൽ പ്രതിഷേധ ധർണ്ണ നടത്തി. പ്രസിഡണ്ട് പി കെ പ്രദീപ്കുമാർ ആധ്യക്ഷം വഹിച്ചു. സംസ്ഥാന സെക്രട്ടറി പി പി സന്തോഷ് ഉദ്ഘാടനം ചെയ്തു. ബാർ അസോസിയേഷൻ പ്രസിഡണ്ട് എം വി ഗോപാലകൃഷ്ണൻ, ആൾ ഇന്ത്യ ലോയേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി അഡ്വ. കെ ജി സന്തോഷ്കുമാർ, അഡ്വ. അജി എസ്, അഡ്വ. വി പി കിഷോർ, അഡ്വ. സുജേഷ് കെ, ഉഷ ജോർജ്ജ്, പി എൽ ഷാജു, ചിന്തു ചന്ദ്രൻ, വി കെ സുരേഷ്, വി ടി ജോയ്, എം ആർ വാസുദേവൻ, കെ ജി പ്രതീഷ്, പി ജി സുധീർ, ശരണ്യ എം വി, കെ എൻ രമേഷ് എന്നിവർ പ്രസംഗിച്ചു.

പി സി സുരജൻ സ്വാഗതവും ശശികല ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു. സാധാരണ ജനങ്ങൾക്കുവേണ്ടിയാണ് തങ്ങളുടെ സമരമെന്നും വർദ്ധിപ്പിച്ച കോർട്ട് ഫീ കുറച്ചില്ലെങ്കിൽ പ്രക്ഷോഭം ശക്തമാക്കുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ പി വി സന്തോഷ് മുന്നറിയിപ്പ് നൽകി.


**VEHICLE FOR SALE**

**SHRIRAM FINANCE LTD.**

1st Floor, Pauls Arcade, Ollukkara

MANNUTHY, THRISSUR-680651

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| KL08BV 9395 | BAJAJ MAXIMA BS6 | 2020 MODEL |


## ശ്രീനിവാസൻ വധക്കേസ്; PFI പ്രവർത്തകരുടെ ജാമ്യം റദ്ദാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി



ന്യൂഡൽഹി: പാലക്കാട് ശ്രീനിവാസൻ വധക്കേസിലെ പ്രതികളായ 18 പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് അനുവദിച്ച ജാമ്യം റദ്ദാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. എൻഐഎയുടെ ആവശ്യമാണ് സുപ്രീംകോടതി തള്ളിയത്. ജസ്റ്റിസുമാരായ അഭയ് എസ്. ഓക, എൻ.കെ. സിംഗ് എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി തള്ളിയത്.

കേരള ഹൈക്കോടതി ജാമ്യം അനുവദിച്ച കേസിലെ പ്രതികൾക്ക് വ്യക്തമായ ക്രിമിനൽ പശ്ചാത്തലം ഉണ്ടെന്നും അതിനാൽ ജാമ്യം അനുവദിക്കരുത് എന്നുമായിരുന്നു എൻഐഎ വാദം. അന്വേഷണ ഏജൻസിക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ രാജാ താക്കറെ പ്രതികളുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിശദാംശങ്ങൾ സുപ്രീംകോടതിക്ക് കൈമാറിയിരുന്നു.

ഈ വിശദാംശങ്ങൾ പരിശോധിച്ച സുപ്രീംകോടതി, ഗൗരവമേറിയ കാര്യങ്ങൾ ഒന്നും അതിൽ ഇല്ലെന്ന് ചൂണ്ടിക്കാട്ടി. തുടർന്നാണ് ജാമ്യം അനുവദിച്ച ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി ശരിവെച്ചത്. കേസിലെ പ്രതികൾക്ക് വേണ്ടി സീനിയർ അഭിഭാഷകരായ രാകേന്ദ് ബസന്ത്, കെ. പരമേശ്വർ, ആദിത്യ സോൺധി എന്നിവർ ഹാജരായി.

ജാമ്യത്തിനായി സുപ്രീം കോടതിയെ സമീപിച്ച മറ്റ് പ്രതികളുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിശദാംശങ്ങൾ കൈമാറാൻ എൻഐഎയോട് സുപ്രീം കോടതി നിർദേശിച്ചു. ജാമ്യ ഹർജികൾ മെയ് ആറിന് പരിഗണിക്കാനായി സുപ്രീം കോടതി മാറ്റി.

## അനധികൃത സ്വത്ത് സമ്പാദനം; അജിത്കുമാറിന് ക്ലീൻ ചിറ്റ്, റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചു

തിരു: അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ആരോപണത്തിൽ എഡിജിപി എം.ആർ. അജിത്കുമാറിന് സർക്കാരിന്റെ ക്ലീൻ ചിറ്റ്. അജിത്കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചു. പി.വി. അൻവർ ഉന്നയിച്ച ആരോപണങ്ങളിലായിരുന്നു വിജിലൻസ് അന്വേഷണം നടത്തിയത്.

വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് നേരത്തെ വന്നിരുന്നു. അന്വേഷണത്തിൽ എം.ആർ. അജിത്കുമാർ അനധികൃതമായി സ്വത്ത് സമ്പാദിച്ചു എന്നത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നത് വിജിലൻസിന്റെ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇന്നലെ കണ്ണൂരിൽനിന്നും മടങ്ങിയെത്തിയ ശേഷമാണ് മുഖ്യമന്ത്രി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

അതേസമയം, സ്വർണക്കടത്ത് കേസടക്കമുള്ള വിഷയങ്ങളിൽ അജിത്കുമാറിനെതിരായുള്ള ആരോപണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മാത്രമല്ല, എഡിജിപി പി. വിജയനെതിരായ വ്യാജമൊഴിയുടെ അടിസ്ഥാനത്തിൽ അജിത്കുമാറിനെതിരെ കേസെടുക്കാമെന്ന് രണ്ടുദിവസം മുമ്പ് സർക്കാരിന് ഡിജിപി ശുപാർശ നൽകിയിരുന്നു. എന്നാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അന്തിമതീരുമാനം ഇതുവരെയും ഉണ്ടായിട്ടില്ല.

ഡിജിപി ദർവേഷ് സാഹിബിന്റെ സർവീസ്കാലാവധി അടുത്തുതന്നെ അവസാനിക്കുമെന്നിരിക്കെ അടുത്ത ഡിജിപി ആരാകും എന്ന ചർച്ചകൾ സജീവമാണ്. ഈ ചർച്ചകളിൽ അജിത്കുമാറിന്റെ പേരും ഉൾപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ ഭരണപക്ഷത്തിന്റെ ഭാഗത്തുനിന്നും അജിത്കുമാറിനെ സംരക്ഷിക്കുന്ന പ്രവർത്തികളാണ് ഉണ്ടാകുന്നത് എന്നാണ് പ്രതിപക്ഷത്തിന്റെ പ്രധാന ആരോപണം.


**CHANGE OF NAME**

I, K.M. Sivaprasad Gandhi, S/o. Mukundan Gandhi, Kuriyakkottil House, Thannaveedhi, hereby change my Name to **SIVAPRASAD GANDHI K. M.,** This will effect in all documents related to me.

Sivaprasad Gandhi K. M. (Sd/-)


## 'ദിവ്യ പിണറായി വിജയന് പാദസേവ ചെയ്യുന്ന ഉദ്യോഗസ്ഥ'; ആഞ്ഞടിച്ച് കെ. മുരളീധരൻ


കണ്ണൂർ: സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി തിരഞ്ഞെടുത്ത കെ.കെ രാഗേഷിനെ പുകഴ്ത്തി പോസ്റ്റ് ഇട്ട ദിവ്യ എസ്. അയ്യർക്കെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരൻ രംഗത്ത്. ദിവ്യ എസ്. അയ്യർ പിണറായി വിജയന് പാദസേവ ചെയ്യുന്ന ഉദ്യോഗസ്ഥയാണെന്ന് മുരളീധരൻ ആരോപിച്ചു. എന്നാൽ ഈ വിഷയത്തിൽ പ്രതികരിക്കാൻ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തയ്യാറായില്ല. നോ കമന്റ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

കർണ്ണന് പോലും അസൂയ തോന്നുന്ന കെ.കെ.ആർ കവചം എന്നാണ് രാകേഷിനെ ദിവ്യ പുകഴ്ത്തിയത്. രക്തസാക്ഷികൾ സിന്ദാബാദിലെ പാട്ടിന്റെ അകമ്പടിയിൽ ചിരിച്ച് നിൽക്കുന്ന മുഖ്യമന്ത്രിയുടെയും കെ.കെ.രാഗേഷിന്റെയും ഫോട്ടോ. അടിക്കുറിപ്പ് – കർണ്ണന് പോലും അസൂയ തോന്നുവിധം ഈ കെ.കെ.ആർ കവചം. രാഗേഷിനെ കർണനാക്കിയതിന് ദിവ്യയുടെ വക വിശദീകരണവും പിന്നാലെയുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് ഒപ്പിയെടുക്കാൻ സാധിച്ച ഒട്ടേറെ ഗുണങ്ങളുണ്ട്. വിശ്വസ്തതയുടെ പാഠപുസ്തകം, കഠിനാധ്വാനത്തിന്റെ മഷിക്കൂട്. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയിൽ നിന്ന് സി.പി.എം ജില്ലാ സെക്രട്ടറിയായി മാറിയ രാഗേഷിനെ പുകഴ്ത്തിയ ആദ്യ ഉദ്യോഗസ്ഥയും ഒരു പക്ഷെ വിഴിഞ്ഞം തുറമുഖ എം.ഡിയായ ദിവ്യയാവാം.

കോൺഗ്രസ് നേതാവും മുൻ എം.എൽ.എയുമായ കെ.എസ്. ശബരീനാഥന്റെ കുടുംബത്തിൽ നിന്നുണ്ടായ പുകഴ്ത്തൽ സിപിഎം സമൂഹ മാധ്യമങ്ങളിൽ ആയുധമാക്കിയതോടെ യൂത്ത് കോൺഗ്രസ് വിമർശിച്ചെത്തി. ദിവ്യ ശമ്പളം വാങ്ങുന്നത് എ.കെ.ജി സെന്ററിൽ നിന്നല്ലന്ന് ഓർക്കണമെന്ന് യൂത്ത് കോൺഗ്രസ് പ്രതികരിച്ചു. സിപിഎമ്മുകാരുടെ വിദൂഷകയായി ദിവ്യ മാറിയെന്നും പദവിക്ക് ചേരുന്നതല്ലന്നും യൂത്ത് കോൺഗ്രസ് കണ്ണൂർ ജില്ലാ പ്രസിഡന്റ് വിമർശിച്ചു. ദിവ്യക്കെതിരെ രക്ഷോമൂലം പരാതിയുയരാനും സാധ്യതയുണ്ട്.

വിമർശനത്തോടെ പിന്തിരിയാൻ തയാറല്ലെന്ന് വ്യക്തമാക്കിയ ദിവ്യ വിശദീകരണമായി വീണ്ടും വീഡിയോ പോസ്റ്റ് ചെയ്തു. നന്മയെ കുറിച്ച് പറയുന്നതിനെ വിമർശിക്കുന്നത് എത്ര വിചിത്രമായ ലോകമെന്നും ദിവ്യ തിരിച്ചടിച്ചു.

## ഭർത്താവിനെ കാമുകനുമായി ചേർന്ന് കൊലപ്പെടുത്തി ഓടയിൽ തള്ളി



ഹരിയാണ: കാമുകനുമായി ചേർന്ന് ഭർത്താവിനെ കൊലപ്പെടുത്തി ഓടയിൽ തള്ളി സോഷ്യൽമീഡിയ ഇൻഫ്ലുവൻസർ. തന്റെ പ്രണയ ബന്ധം ഭർത്താവ് മനസിലാക്കിയതിനെ തുടർന്നായിരുന്നു കൊലപാതകമെന്നാണ് റിപ്പോർട്ടുകൾ. ഹരിയാണയിലെ ഭിവാനിയിൽ കഴിഞ്ഞ മാർച്ചിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറായ രവീണയാണ് ആൺസുഹൃത്തായ സുരേഷുമായി ചേർന്ന് ഭർത്താവ് പ്രവീണിനെ കൊലപ്പെടുത്തിയത്.

2017 ലായിരുന്നു രവീണയും പ്രവീണും തമ്മിലുള്ള വിവഹം. ഇരുവർക്കും ആറുവയസുള്ള ഒരു മകനുണ്ട്. രണ്ടു വർഷങ്ങൾക്ക് മുമ്പാണ് യുവതി സുരേഷുമായി സൗഹൃദത്തിലാകുന്നത്. യൂട്യൂബ് അക്കൗണ്ടിനായി വീഡിയോകൾ ചിത്രീകരിക്കാറുണ്ടായിരുന്ന സുരേഷുമായി ചേർന്ന് രവീണയും വീഡിയോകൾ ചെയ്തു തുടങ്ങി. പ്രവീണിന് എതിർപ്പുണ്ടായിരുന്നെങ്കിലും ഇരുവരും ഒന്നിച്ച് വീഡിയോ ചെയ്യുന്നത് തുടർന്നു.

മാർച്ച് 25-ന്, പ്രവീൺ വീട്ടിൽ മടങ്ങിയെത്തിയപ്പോൾ രവീണയെയും സുരേഷിനെയും ഒരുമിച്ച് കാണുകയും ഇത് ദമ്പതികൾക്കിടയിൽ തർക്കത്തിന് കാരണമാകുകയും ചെയ്തു. പിന്നാലെ രാത്രി രവീണയും സുരേഷും ചേർന്ന് ഒരു ഷാൾ ഉപയോഗിച്ച് പ്രവീണിനെ കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തി. തുടർന്ന് ഇരുവരും ചേർന്ന് മൃതദേഹം ഇരുചക്രവാഹനത്തിൽ കൊണ്ടുപോയി നഗരത്തിന് പുറത്തുള്ള ഒരു ഓടയിൽ തള്ളുകയായിരുന്നു. രവീണയും സുരേഷും പ്രവീണിന്റെ മൃതദേഹം ബൈക്കിൽ കൊണ്ടുപോകുന്നതിന്റെ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

പ്രവീണിനെ കാണാനില്ലെന്ന കുടുംബത്തിന്റെ പരാതിയിൽ പോലീസ് നടത്തിയ അന്വേഷണത്തിൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം അഴുകിയ നിലയിൽ മൃതദേഹം കണ്ടെത്തി. കേസിൽ യുവതിയെ പോലീസ് അറസ്റ്റ് ചെയ്തു. സുരേഷ് ഒളിവിലാണ്. ഇയാൾക്കായി അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.


**കൃതജ്ഞത**



**അഡ്വ. ജോയ് സെബാസ്റ്റ്യൻ**

ചാലക്കൽ ഹൗസ്

അയ്യന്തോൾ ഗ്രൗണ്ട്, തൃശൂർ

എന്റെ പ്രിയ ഭർത്താവ് അഡ്വ. ജോയ് സെബാസ്റ്റ്യന്റെ (63) നിര്യാണവാർത്തയറിഞ്ഞ് നേരിട്ടും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നവർക്കും തുടർന്ന് നടന്ന സംസ്കാര ശുശ്രൂഷയിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച വൈദികശ്രേഷ്ഠർക്കും, ബഹു. സിസ്റ്റേഴ്സിനും ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, എറണാകുളം ലേക്ക് ഷോർ ആശുപത്രിയിലെ ഡോക്ടർമാർ, നഴ്സുമാർ, തൃശൂർ അമല ആശുപത്രിയിലെ ഡോക്ടർമാർ, നഴ്സുമാർ, ഉദ്യോഗസ്ഥപ്രമുഖർ, രാഷ്ട്രീയ സാമൂഹിക – കലാ – സാംസ്കാരിക രംഗത്തെ പ്രമുഖർ, വ്യാപാരി വ്യവസായി സുഹൃത്തുക്കൾ, അഡ്വക്കേറ്റുമാർ, അഡ്വക്കേറ്റ് ക്ലർക്കുമാർ, മറ്റുവിശിഷ്ട വ്യക്തികൾ എന്നിവർക്കും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു.

എന്ന് ദുഃഖസ്മരണകളോടെ,


ഭാര്യ: മറിയമ്മ തോമസ്

മക്കൾ: ലിയോ ചാലക്കൽ , ജിയോ ചാലക്കൽ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## വയോജന പാർക്കും ഓപ്പൺ ജിം



കാറളം: ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വയോജന പാർക്കും. ഓപ്പൺ ജിം കാറളം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രദീപ് ചെമ്മണ്ട പാലം പരിസരത്ത് വെച്ച് ഉദ്ഘാടനം ചെയ്തു.

സുനിൽ മാലാന്ത്ര അധ്യക്ഷത വഹിച്ച ചടങ്ങിന് വാർഡ് മെമ്പർ ലൈജു ആന്റണി സ്വാഗതവും ബ്ലോക്ക് ഡിവിഷൻ മെമ്പർ മോഹനൻ വലിയാട്ടിൽ, പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളായ അമ്പിളി റെനിൽ, ജഗജി കായംപുറത്തു, വാർഡ് മെമ്പർ മാരായ സീമ പ്രേമംരാജ്, വൃന്ദ അജിത് കുമാർ, ശശികുമാർ എന്നിവർ ആശംസകളും പറഞ്ഞു. പഞ്ചായത്ത് സ്റ്റാഫ് ബിൽവി നന്ദിയും പറഞ്ഞു.

## കാരായ്മാവകാശം കവർന്നെടുക്കുന്നതിൽ പ്രതിഷേധിച്ച് വാരിയർ സമാജം



ഇരിങ്ങാലക്കുട: ഉണ്ണായി വാരിയരുടെ കാലം മുതലേ കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴക പ്രവൃത്തി ചെയ്യുന്ന വാരിയർ സമുദായംഗങ്ങളുടെ കുലപ്രവൃത്തിയായ കാരായ്മാവകാശം കവർന്നെടുക്കുന്നതിൽ സമാജം യൂണിറ്റ് വാർഷിക സമ്മേളനം പ്രതിഷേധിച്ചു.

കാരായ്മ അവകാശമുള്ള തെക്കെ വാരിയം കുടുംബത്തിന് എല്ലാവിധ പിന്തുണയും യോഗം രേഖപ്പെടുത്തി. പ്രസിഡണ്ട് പി.വി. രുദ്രൻ വാരിയർ അധ്യക്ഷത വഹിച്ചു. സമാജം സംസ്ഥാന ട്രഷറർ വി.വി. ഗിരീശൻ ഉദ്ഘാടനം ചെയ്തു. മധ്യമേഖല സെക്രട്ടറി എ.സി. സുരേഷ് മുഖ്യ പ്രഭാഷണം നടത്തി. ജില്ല പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണവാരിയർ, ജില്ല സെക്രട്ടറി വി.വി. സതീശൻ, ടി. ഉണ്ണികൃഷ്ണൻ, എ. അച്ചുതൻ, എസ്. കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഡോ. മൂർക്കനാട് ദിനേശ് വാരിയർ, സുപ്രിയ ശ്രീകുമാർ, ശങ്കരൻകുട്ടി ആനന്ദപുരം, ഭദ്ര വാര്യർ, സ്മൃതി ഡി. വാരിയർ എന്നിവരെ ഉപഹാരം നൽകി അനുമോദിച്ചു. പുതിയ ഭാരവാഹികൾ : പി.വി. രുദ്രൻ വാരിയർ (പ്രസിഡണ്ട്), ഐ. ഈശ്വരൻ കുട്ടി (വൈസ് പ്രസിഡണ്ട്), എ അച്ചുതൻ (സെക്രട്ടറി), ടി.രാമൻകുട്ടി (ജോ സെക്രട്ടറി), എസ്. കൃഷ്ണകുമാർ (ട്രഷറർ).

## ചുറ്റിക കൊണ്ട് തലയ്ക്കടിച്ച് 50-കാരിയെ കൊലപ്പെടുത്തി; അയൽവാസി ഒളിവിൽ



പൂച്ചാക്കൽ: ചുറ്റിക കൊണ്ട് തലയ്ക്കടിച്ച് 50-കാരിയെ കൊലപ്പെടുത്തി. അരൂക്കുറ്റി പഞ്ചായത്ത് ഒന്നാം വാർഡിൽ പുളിന്താഴ നികർത്തിൽ ശരവണന്റെ ഭാര്യ വനജ (50) ആണ് മരിച്ചത്.

ഇന്നലെ രാത്രി 10 മണിയോടെയാണു സംഭവം. സംഭവത്തിന് പിന്നാലെ അയൽവാസിയായ വിജേഷ് (42) എന്നയാൾ ഒളിവിൽ പോയതായി പോലീസ് അറിയിച്ചു.

ഈയാളെ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം തുടങ്ങി. സംഭവം നടന്നയുടൻ സമീപവാസികൾ വനജയെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാൻ കഴിഞ്ഞില്ല.

മൃതദേഹം എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. മക്കൾ: ശാരി മോൾ, ശരത് ലാൽ.

## അമല ആശുപത്രിയിൽ സൗജന്യ ഗ്യാസ്ട്രോ എന്ററോളജി മെഡിക്കൽ ക്യാമ്പ്

തൃശൂർ: ലോക കരൾ ദിനത്തോട് അനുബന്ധിച്ചു അമല ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 21.04.2025 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ സൗജന്യമായ പരിശോധനയും ഫൈബ്രോസ്കാനിംങ്ങും ഉണ്ടായിരിക്കുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടുക 0487- 2304271,




വാസുപുരം എൻ എസ് എസ് കരയോഗം NO : 3579 ലഹരിവിരുദ്ധ പ്രചാരണദിനവും പദയാത്രയും നടത്തി. കൊടകര ASI സജു പൗലോസ് മുഖ്യ പ്രഭാഷണം നടത്തി. പ്രസിഡണ്ട് ഉണ്ണി പാപ്പാളി, കോടാലി മേഖല പ്രതിനിധി സ്മിത ജയകുമാർ, കരയോഗം അംഗങ്ങളും, ബാലവികാസ് കുട്ടികളും പദയാത്രയിൽ പങ്കെടുത്തു.

## നിക്ഷേപകാലാവധി തീരുമ്പോൾ നിക്ഷേപകരെ അറിയിക്കണം

തൃശൂർ: ബാങ്കുകൾ അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപകാലാവധി തീരുമ്പോൾ നിക്ഷേപകരെ രജിസ്റ്റർഡ് കത്തയച്ചു വിവരം അറിയിക്കുവാൻ നിയമം ഉണ്ടാകണമെന്ന് ''സിറ്റിസൺ കമ്മ്യൂണിറ്റി ആൻഡ് കൺസ്യൂമർ ഗ്രീവൻസ് റീഡ്റസൽ ഓർഗനൈസേഷൻ' (സി.ഗ്രോ മിഷൻ- പൊതുജന പ്രശ്ന പരിഹാര സമിതി) തൃശൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. നിക്ഷേപകരോ അവകാശികളോ പിൻവലിക്കാതെ പതിനായിരകണക്കിന് കോടി രൂപയാണ് ഇന്ത്യയിലെ ധനകാര്യ സ്ഥാപനങ്ങളിൽ 'അവകാശികൾ ഇല്ലാത്ത നിക്ഷേപങ്ങളായി' കെട്ടി കിടക്കുന്നത്.

ചില ഉദ്യോഗസ്ഥർ രേഖകളിൽ കൃത്രിമം കാണിച്ചു ഇത്തരം നിക്ഷേപങ്ങൾ കൈക്കലാക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ സ്ഥിര നിക്ഷേപങ്ങളുടെ നിക്ഷേപകാലാവധി തീരുമ്പോൾ നിക്ഷേപകരെ അതാതു സ്ഥാപനങ്ങൾ രജിസ്റ്റർ കത്തയച്ചു അറിയിക്കുവാൻ നിയമം ഉണ്ടാകണമെന്ന് യോഗം ആവശ്യപ്പെട്ടു.

സമിതി രക്ഷധികാരി പ്രൊ ജോർജ് മേനാച്ചേരി യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ജെയിംസ് മുട്ടിക്കൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി അഡ്വ സിബിൻ ചെറുവത്തൂർ, ഓർഗനൈസിങ് സെക്രട്ടറി തോമസ് ആമ്പക്കാടൻ, സ്റ്റേറ്റ് കോർഡിനേറ്റർ കോട്ടയം ദേവദാസ്, ജില്ലാ സെക്രട്ടറി വിൽസൺ പണ്ടാരവളപ്പിൽ, വൈസ് പ്രസിഡന്റ് സൈമൺ ടി പുളിക്കൽ, റോബിൻ ജോർജ്, ബേബി ജോജോ, മുരുകൻ എന്നിവർ പ്രസംഗിച്ചു.

## ചാലക്കുടി കാട്ടാന ആക്രമണം: മരിച്ചവരുടെ ബന്ധുക്കൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകും

ചാലക്കുടി: കാട്ടാന ആക്രമണത്തിൽ മരിച്ച അടിച്ചിൽതൊട്ടി മേഖലയിലെ തമ്പാന്റെ മകൻ സെബാസ്റ്റ്യൻ (20), വാഴച്ചാൽ സ്വദേശികളായ അംബിക (30), സതീഷ് (34) എന്നിവരുടെ ബന്ധുക്കൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ബന്ധുക്കൾക്ക് 5 ലക്ഷം രൂപ ഇന്ന് ( ഏപ്രിൽ 15) തന്നെ കൈമാറും. മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ഫോറസ്റ്റ് വകുപ്പിൽ താൽക്കാലിക ജോലി നൽകുന്നതിന് സർക്കാരിന് ശുപാർശ നൽകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി എത്തിച്ച ജില്ലാ ആശുപത്രിയിൽ കളക്ടർ സന്ദർശിച്ചു. മരിച്ചവരുടെ ബന്ധുക്കളുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ സബ് കളക്ടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ടെന്ന് കളക്ടർ അറിയിച്ചു. സംഭവം നടന്ന ഉടൻതന്നെ ജില്ലാ കളക്ടർ ഊരു മൂപ്പത്തിയുമായി നേരിട്ട് സംസാരിച്ച് സ്ഥിതിഗതികൾ ആരാഞ്ഞിരുന്നു. ശനിയാഴ്ച ഈ പ്രദേശങ്ങൾ കളക്ടർ സന്ദർശിച്ചിരുന്നു.

നാട്ടുകാരുടെ പരാതികൾ പരിശോധിക്കാൻ വനംവകുപ്പുമായി ചേർന്ന് യോഗം വിളിച്ചു ചേർക്കും. സ്ഥലത്ത് ട്രെഞ്ച്, ഫെൻസിങ് എന്നിവയുടെ നിർമ്മാണം വേഗം നടപ്പിലാക്കുവാൻ വനംവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാരിന്റെ പരിഗണനയിൽ വരേണ്ട വിഷയങ്ങൾ കാലതാമസം കൂടാതെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കളക്ടർ അറിയിച്ചു

## തൃശ്ശൂർ പൂരം വെടിക്കെട്ട് ഗംഭീരമായി നടത്തും: മന്ത്രിമാർ

തൃശൂർ: സുരക്ഷയിൽ വിട്ടുവീഴ്ചയില്ലാതെ തൃശ്ശൂർ പൂരം വെടിക്കെട്ട് ഗംഭീരമായി നടത്തുമെന്ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജനും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സാധാരണരീതിയിൽ വെടിക്കെട്ട് നടത്തുന്നതിൽ പ്രയാസമില്ല. വെടിമരുന്ന് സൂക്ഷിക്കുന്ന അറ ശൂന്യമാക്കി വയ്ക്കണമെന്ന പൊതു നിബന്ധന പാലിച്ചുകൊണ്ടാണ് ഇപ്രാവശ്യം പൂരത്തിന് വെടിക്കെട്ട് നടത്തുക. പൂരത്തിന്റെ എല്ലാ ശോഭയും വെടിക്കെട്ടിന് ഉണ്ടാകുമെന്നും നിയമോപദേശം സ്വീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തി എല്ലാവർക്കും വെടിക്കെട്ട് ആസ്വദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

നിയമപരമായി നിന്നുകൊണ്ടുതന്നെ പ്രയാസങ്ങളില്ലാത്ത രീതിയിൽ ജനങ്ങളുടെ അഭിലാഷത്തിനനുസരിച്ച് വെടിക്കെട്ട് നടത്തുന്നതിന് വേണ്ട നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കുന്നുണ്ടെന്ന് മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രിമാർക്കൊപ്പം ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യനും പങ്കെടുത്തു.

## ക്വട്ടേഷൻ ക്ഷണിച്ചു ഇലക്ട്രോണിക് വർക്കുകൾ

തൃശൂർ: സംസ്ഥാന മന്ത്രി സഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മെയ് 14ന് മുഖ്യമന്ത്രി പങ്കെടുക്കുന്ന തൃശ്ശൂർ ജില്ലാതല യോഗത്തിനായി ഇലക്ട്രോണിക് വർക്കുകൾ ചെയ്യുന്നതിന്/സംവിധാനങ്ങൾ ഒരുക്കുന്നതിന് വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ലൈസൻസും ഇത്തരം പ്രവർത്തികളിൽ മുൻപരിചയവുമുള്ളവർക്കാണ് അവസരം. ക്വട്ടേഷനുകൾ ഏപ്രിൽ 25 ന് ഉച്ചയ്ക്ക് ഒന്ന് വരെ സ്വീകരിക്കും. ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ വൈകിട്ട് അഞ്ചിന് തുറക്കും.

## മനുസ്മൃതി ചുട്ടെരിച്ച ധീരനായ മനുഷ്യാവകാശ പോരാളിയാണ് അംബേദ്കർ: കെ.കെ. അബ്ദുൾ ജബ്ബാർ




കൊടുങ്ങല്ലൂർ: ചാതുർ വർണ്യ വ്യവസ്ഥയുടെ മാനിഫെസ്റ്റോ എന്നറിയപ്പെടുന്ന മനുസ്മൃതി ചുട്ടെരിച്ച ധീരനായ മനുഷ്യാവകാശ പോരാളിയാണ് ഡോ. ബാബാ സാഹബ് അംബേദ്കറെന്ന് എസ്.ഡി.പി.ഐ സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ. അബ്ദുൾ ജബ്ബാർ. മോഡി അരങ്ങു വാഴുന്ന ഫാഷിസ്റ്റ് കാലത്ത് അംബേദ്കറിന്റെ ചിന്തകൾ അത്യന്തം പ്രസക്തമാണ്. എണ്ണം കൊണ്ട് ഭൂരിപക്ഷം നേടിയാൽ എന്ത് ഭരണഘടനാവിരുദ്ധവും മനുഷ്യത്വ വിരുദ്ധവുമായ നിയമങ്ങൾ കൊണ്ടുവരാമെന്നതാണ് മോഡി ഭരണകൂടം കരുതുന്നത്. ജനാധിപത്യത്തിന്റെ അന്തസത്ത തിരിച്ചറിയാത്തവരാണ് നാട് ഭരിക്കുന്നത്. ഭരണഘടനാ ശിൽപിയായ അംബേദ്കർ രൂപപ്പെടുത്തിയ ഭരണഘടനയെ പുറത്താക്കി മനുസ്മൃതി നടപ്പിലാക്കാമെന്നത് സംഘികളുടെ വ്യാമോഹം മാത്രമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫാസിസ്റ്റ് കാലത്തെ അംബേദ്കർ ചിന്തകൾ എന്ന തലക്കെട്ടിൽ എസ്.ഡി.പി.ഐ തൃശ്ശൂർ ജില്ലാ കമ്മിറ്റി കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച സായാഹ്ന ധർണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.


വഖ്ഫ് ഭേദഗതി നിയമം ദരിദ്രരായ മുസ്ലിംകൾക്കായാണ് എന്ന പ്രധാനമന്ത്രിയുടെ നിലപാട് പരിഹാസ്യമാണ്. 72 കേന്ദ്രമന്ത്രിമാരിൽ ഒരു മുസ്ലിം പോലും ഇല്ലാതെ മുസ്ലിം പ്രേമം നടിക്കുന്നത് മോഡി ഭരണകൂടത്തിന്റെ ഇരട്ടത്താപ്പിന്റെ ഉദാഹരണമാണ്. രാഷ്ട്രത്തിന് മതമില്ലെന്ന് പ്രഖ്യാപിച്ച ഭരണഘടനയെ ഉയർത്തിപ്പിടിച്ച് അംബേദ്കറിന്റെ ചിന്തകളും വാക്കുകളും നെഞ്ചിലേറ്റി ഫാഷിസത്തിനെതിരെ ഓരോ ഇന്ത്യക്കാരനും പോരാടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എസ്.ഡി.പി.ഐ ജില്ലാ പ്രസിഡന്റ് കെ.വി. അബ്ദുൾ നാസർ അധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി മുഹമ്മദ് റിയാസ് സ്വാഗതം പറഞ്ഞു.

എസ്ഡിപിഐ ജില്ലാ വൈസ് പ്രസിഡണ്ട് ബി കെ ഹുസൈൻ തങ്ങൾ മനുഷ്യാവകാശ കൂട്ടായ്മ പ്രവർത്തകൻ കുട്ടപ്പൻ, എസ്.ഡി.പി.ഐ ജില്ലാ ജനറൽ സെക്രട്ടറി ഋ ങ. ലത്തീഫ് ,ട്രഷറർ യഹിയ മന്ദലാംകുന്ന്, ജില്ലാ സെക്രട്ടറിയേറ്റ് അംഗം എ.കെ. മനാഫ്, ജില്ലാ കമ്മിറ്റി അംഗം സുബ്രഹ്മണ്യൻ, കൈപമംഗലം മണ്ഡലം പ്രസിഡന്റ് അജ്മൽ എടവിലങ്ങ്, കൊടുങ്ങല്ലൂർ മണ്ഡലം പ്രസിഡന്റ് മജീദ് പുത്തൻചിറ എന്നിവർ സംസാരിച്ചു.

## നിര്യാതരായി

### നാരായണമേനോൻ



ഇരിങ്ങാലക്കുട : കൊടകര കരോട്ട് കുറിച്ചിയത്ത് ജാനകിയമ്മ മകൻ നാരായണമേനോൻ (89) നിര്യാതനായി.

സംസ്കാരം ഇന്ന് ഉച്ചക്ക് 12 മണിക്ക് വീട്ടുവളപ്പിൽ. ഭാര്യ : രതിദേവി (ഓമന) മക്കൾ : അജിത, അനിത, അമൃത, അനീഷ്കുമാർ മരുമക്കൾ : ശ്രീകുമാർ, നന്ദകുമാർ, അജിത്കുമാർ, പ്രസീത

### ഫിലോമിന ദേവസി



കൊട്ടേക്കാട്: പുറ്റേക്കര സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്. റിട്ട. അദ്ധ്യാപിക കൊട്ടേക്കാട് നീലങ്കാവിൽ ദേവസി (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ) ഭാര്യ ഫിലോമിന (77) അന്തരിച്ചു. നാളെ വ്യാഴാഴ്ച വൈകീട്ട് 5 മുതൽ വസതിയിൽ പൊതുദർശനം. സംസ്കാരം വെള്ളിയാഴ്ച (18) രാവിലെ 11 ന് കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫെറോനാ പള്ളിയിൽ. മുണ്ടൂർ അറങ്ങാശ്ശേരി കുടുംബാംഗമാണ്. മക്കൾ: നിഷി, നെൽസൺ (സി.എസ്.ബി ബാങ്ക് ഗോവ) നെൽജോ നീലങ്കാവിൽ (സെക്രട്ടറി, ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി), ജോജോ (ഹെഡ് ക്ലർക്ക്, കോലഴി ഗ്രാമപഞ്ചായത്ത്) മരുമക്കൾ: സാബു ചുങ്കത്ത്, കോട്ടപ്പടി (ഫാഷൻ ജ്വല്ലറി പട്ടാമ്പി), നീമ തോട്ടാൻ ഒല്ലൂർ, രാഗി വൈദ്യക്കാരൻ, ചിറ്റാട്ടുകര (അദ്ധ്യാപിക, സെന്റ് ജെമ്മാസ് സി.യു.പി.എസ് മണക്കൊടി). പേരക്കുട്ടികൾ: ഏയ്ഞ്ചൽ റോസ്, ആൻ മരിയ, നിജിൻ, അമൽ, നിയമരിയ, അന്നാ ഗ്രെയ്സ്. (മകൻ നെൽജോ - 9446142429)

### വേണുഗോപാല മേനോൻ



ഇരിങ്ങാലക്കുട : പൊതുമരാമത്തു വകുപ്പ് റിട്ടയേർഡ് എഞ്ചിനീയർ കൊടകര എരേക്കത്ത് വേണുഗോപാല മേനോൻ (96) നിര്യാതനായി.

സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് കൊടകര മനക്കുളങ്ങരയിലെ വീട്ടുവളപ്പിൽ. ഭാര്യ : കുരിയക്കാട്ടിൽ സീതമ്മ. മക്കൾ : കെ. രാധ (റിട്ട. ടീച്ചർ, ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ, ആനന്ദപുരം), കെ. രഘുനാഥ് (റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി), കെ. ദേവദാസ് (റിട്ട. ഗൾഫ്), കെ. രമാദേവി (റിട്ട. ജൂനിയർ സൂപ്രണ്ട്, സിറ്റി പോലീസ് കമ്മീഷണർ ഓഫീസ്, തൃശൂർ), കെ. രേഖ (ടീച്ചർ, ആർ. എം. ഹയർ സെക്കണ്ടറി സ്കൂൾ, ആളൂർ)

മരുമക്കൾ : സതീഷ് ബാബു മൂത്താർ (ബിസിനസ്സ്), ജ്യോതിലക്ഷ്മി (കെ. കെ. മേനോൻ ഗ്രൂപ്പ്, തൃപ്രയാർ), പരേതയായ ശ്യാമ, രാജീവ് മുല്ലപ്പിള്ളി (ഡയറക്ടർ, ഇരിങ്ങാലക്കുട ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ചീഫ് എഡിറ്റർ, ഇരിങ്ങാലക്കുട ടൈംസ്), മോഹൻദാസ് അറയ്ക്കൽ (ബിസിനസ്സ്)

## നിരവധി അംഗീകാരങ്ങൾ നേടിയ ഭാരതപ്പുഴക്ക് ശേഷം മണപ്പുറത്തിന്റെ ചരിത്രഗാഥ രേഖപ്പെടുത്തുന്ന സിനിമയുമായി സംവിധായകൻ മണിലാൽ



രാമു കാര്യാട്ട്,സർദാർ ഗോപാലകൃഷ്ണൻ, പി ഭാസ്കരൻ,മുഹമ്മദ് അബ്ദുൾ റഹിമാൻ,ടി കെ രാമൻ, കെ എസ് കെ തളിക്കുളം, കുഞ്ഞുണ്ണി മാസ്റ്റർ, ലോഞ്ച് വേലായുധൻ, ഡി എം പൊറ്റേക്കാട്ട്, ബ്രാതാ വേലുക്കുട്ടി മാസ്റ്റർ, കുഞ്ഞിക്കെളവൻ മാസ്റ്റർ തുടങ്ങി സമൂഹത്തെ പുതുക്കിപ്പണിയാൻ യത്നിച്ച് മരിച്ചുപോയ മനുഷ്യരായിരിക്കും പ്രധാന കഥാപാത്രങ്ങൾ.

വിസ്മൃതിയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഒരു കാലത്തെ പ്രകാശിപ്പിച്ചുനിർത്താനുള്ള ശ്രമമാണ് ഈസിനിമയിലൂടെ നിർവ്വഹിക്കുക.പുതിയ കാലവും പഴയ കാലവും തമ്മിലുള്ള സംവാദാത്മകമായ തലവും സിനിമ ആവിഷ്ക്കരിക്കും.

നിർമ്മാണമടക്കം പൂർണ്ണമായും മണപ്പുറത്തിന്റെ പ്രാതിനിധ്യത്തോടെയായിരിക്കും.

## പൊതുജന സമ്പർക്ക വകുപ്പ് ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ: സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികത്തോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്ക് വിവര പൊതുജനസമ്പർക്ക വകുപ്പ് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.




പുതൂർക്കര ദേശീയ വായനശാലയിൽ 'വായനാവസന്തം-വീട്ടിലേക്ക് ഒരു പുസ്തകം പദ്ധതി' ഉദ്ഘാടന വേദിയിൽ വായനശാലാ ഭരണസമിതി അംഗം ഗീത മുരളീധരൻ ആശംസയർപ്പിച്ച് സംസാരിക്കുന്നു

## സഹപ്രവർത്തകനെ കെട്ടിടത്തിൽ നിന്ന് തള്ളിയിട്ടു, കല്ലുകൊണ്ട് തലക്കടിച്ചു കൊന്നു

വാടാനപ്പിള്ളി: തൃശൂർ വാടാനപ്പള്ളിയിൽ സഹപ്രവർത്തകനെ കൊലപ്പെടുത്തി. അടൂർ സ്വദേശി പടിഞ്ഞാറേത്തറ വീട്ടിൽ ദാമോദരക്കുറുപ്പിന്റെ മകൻ അനിൽകുമാർ (40) ആണ് കൊല്ലപ്പെട്ടത്. കൊലപാതകത്തിൽ അനിൽകുമാറിന്റെ സഹ പ്രവർത്തകനായ കോട്ടയം കാഞ്ഞിരപ്പിള്ളി സ്വദേശി ഷാജു ചാക്കോയെ ( 39 ) പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ രാത്രി പതിനൊന്നരയോടെയായിരുന്നു സംഭവം.

മദ്യപിച്ചശേഷമുണ്ടായ വാക്കുതർക്കത്തിനിടയിൽ കെട്ടിടത്തിന്റെ മുകളിൽ നിന്ന് സുഹൃത്ത് അനിൽ കുമാറിനെ താഴേക്ക് തള്ളിയിടുകയായിരുന്നു. തുടർന്ന് കല്ലുകൊണ്ട് തലക്കടിച്ചാണ് കൊലപ്പെടുത്തിയത്. കൊലപാതകം സംബന്ധിച്ച് സുഹൃത്ത് തന്നെയാണ് വിവരം ഉടമയെ അറിയിച്ചത്. ആംബുലൻസിൽ ഏങ്ങണ്ടിയൂരിലെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു

## ക്വട്ടേഷൻ ക്ഷണിച്ചു ദിവസവാടകക്ക് വാഹനം

തൃശൂർ: സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഏപ്രിൽ, മെയ് മാസങ്ങളിൽ ഐ ആന്റ് പി.ആർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾക്കായി തൃശ്ശൂർ ജില്ലയിലെ വിവിധയിടങ്ങളിൽ സഞ്ചരിക്കുന്നതിന് അഞ്ചു പേർക്ക് (4+1) സഞ്ചരിക്കാവുന്ന ടാക്സി പെർമിറ്റുള്ള എ.സി.വാഹനം ദിവസ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു. ഡ്രൈവർ വാഹനം, ഇന്ധനം, മൈലേജ് എന്നിവ ക്വട്ടേഷനിൽ പ്രത്യേകം കാണിക്കണം. ക്വട്ടേഷനുകൾ ഏപ്രിൽ 25 ന് ഉച്ചയ്ക്ക് ഒന്ന് വരെ സ്വീകരിക്കും. ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ ഉച്ചകഴിഞ്ഞ് 2.30 ന് ക്വട്ടേഷനുകൾ തുറക്കും.



പുതുക്കാട് ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡിൽ കേരളാ വിഷന്റെ ഭാഗത്ത് മരം വീണ് ഇലട്രിക്ക് കമ്പികൾ റോഡിൽ വീണത് ശരിയാക്കുവാൻ വാർഡ് മെമ്പർ സെബി കൊടിയന്റെ നേതൃത്വത്തിൽ അടിയന്തര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റോഡിലേക്ക് വീണ മരം മുറിച്ചു മാറ്റി ഇലട്രിസിറ്റി ജീവനക്കാർ റോഡിൽ വീണ് കിടക്കുന്ന കമ്പികൾ പുർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തിവരുന്നു.

## കെ. വി. രാമനാഥന്റെ സ്മരണക്ക് പുരസ്കാരം




ഇരിങ്ങാലക്കുട: പ്രശസ്ത ബാലസാഹിത്യകാരൻ കെ. വി. രാമനാഥന്റെ സ്മരണ നിലനിർത്താനായി, മലയാളത്തിലെ മികച്ച ബാലസാഹിത്യരചയിതാക്കൾക്ക് പുരസ്കാരവും, വളർന്നുവരുന്ന ബാലസാഹിത്യരചയിതാക്കളെ പ്രോത്സാഹിപ്പിക്കാനുള്ള വിവിധപദ്ധതികളും, കുട്ടികൾക്കായി ബാലോത്സവം എന്ന പേരിൽ കലാ-സാഹിത്യ ക്യാമ്പുകളും ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസ- സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. ആർ. ബിന്ദു പ്രസ്താവിച്ചു.

പുരോഗമന കലാസാഹിത്യ സംഘം ഇരിങ്ങാലക്കുട മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ, ഇരിങ്ങാലക്കുട മണ്ണാത്തിക്കുളം റോഡിലെ 'വാൾഡൻ പോണ്ട് ഹൗസി'ൽ കുട്ടികൾക്കായി സംഘടിപ്പിച്ച 'ആലവട്ടം' ഏകദിന ശിൽപ്പശാലയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡോ. ബിന്ദു. ക്യാമ്പംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു. പുരോഗമന കലാസാഹിത്യ സംഘം ജില്ലാ സെക്രട്ടറി ഡോ. എം. എൻ വിനയകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത കൂടിയാട്ടം കലാകാരനും അഭിനയപരിശീലകനുമായ വേണുജി, ജയൻ ചേലാട്ട്, എന്നിവർ കെ. വി. രാമനാഥനെപ്പറ്റിയുള്ള ഓർമ്മകൾ പങ്കുവെച്ചു. പുരോഗമന കലാസാഹിത്യ സംഘം ഇരിങ്ങാലക്കുട മേഖലാ പ്രസിഡണ്ട് ഖാദർ പട്ടേപ്പാടം സ്വാഗതം പറയുകയും, രേണു രാമനാഥ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പ്രശസ്ത ഇല്ലസ്ട്രേറ്റർ മോഹൻ ദാസ്, തലമുറകളായി കുട്ടികളെ ആകർഷിച്ചുപോരുന്ന കഥാപാത്രങ്ങളായ കപീഷ്, മായാവി തുടങ്ങിയവരുടെ രേഖാചിത്രങ്ങൾ ആലേഖനം ചെയ്തുകൊണ്ടാണു രാവിലെ ഏകദിന ക്യാമ്പ് ആരംഭിച്ചത്. കെ. വി. രാമനാഥന്റെ പ്രശസ്തകൃതികളിലൊന്നായ 'അത്ഭുത നീരാളി'യിൽ നിന്നുള്ള രംഗങ്ങളും മോഹൻ ദാസ് ചിത്രീകരിച്ചു. പ്രശസ്ത മിമിക്രി കലാകാരനും, കേരള സംഗീതനാടക അക്കാദമി പുരസ്കാര ജേതാവുമായ കലാഭവൻ നൗഷാദ്, നാടകപ്രവർത്തകനായ ആദിത്യൻ കാതിക്കോട്, രാജൻ നെല്ലായി, ഡോ. കെ.രാജേന്ദ്രൻ, ഷാജൂ കുന്നത്തേരി തുടങ്ങിയവർ കുട്ടികളുമായി ആശയവിനിമയം നടത്തി.

### ത്രേസ്യ



ഇരിങ്ങാലക്കുട : ചേലൂർ പരേതനായ ആറ്റുപറമ്പിൽ ജോസഫ് ഭാര്യ ത്രേസ്യ (89)നിര്യാതയായി സംസ്കാരം ഇന്ന് 4.00 മണിക്ക് ചേലൂർ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ .മക്കൾ : പരേതയായ ലിസ്സി, വർഗ്ഗീസ്, ജോയ്, ലിജി, ലീന, മരുമക്കൾ: മിനി, ഷീജ, ജോസ്, ജെറോം.

## അറിയിപ്പ്

എന്റെ പിതാവിന്റെ സഹോദരനായ എങ്ങണ്ടിയൂർ കരീപ്പാടത്ത് തുപ്രൻ മകൻ ബാലൻ എന്നയാളെ കഴിഞ്ഞ 80 വർഷമായി കാണാതായിട്ടുണ്ട്. അദ്ദേഹത്തെ പലയിടങ്ങളിലും അന്വേഷിച്ചെങ്കിലും ഇതുവരെ കണ്ടെത്താൻ ആയിട്ടില്ല. ഇതു സംബന്ധിച്ച് വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ പരാതി നൽകി അന്വേഷിച്ചു വരുന്നതുമാണ്. ബാലന്റെ തിരോധാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ, ചാവക്കാട് തഹസിൽദാർ, തൃശ്ശൂർ സബ് കളക്ടർ എന്നിവർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്. കാണാതായ ബാലൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 30 ദിവസത്തിനകം മേൽ അധികാരികളെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാലന്റെ തിരോധാന സർട്ടിഫിക്കറ്റ് ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, **സോമൻ**
കരീപ്പാടത്ത് ഹൗസ്,
എങ്ങണ്ടിയൂർ, തൃശ്ശൂർ ജില്ല.
**Mob. 9544007118**